ഇലക്ട്രിസിറ്റി ബോർഡിന് സർക്കാർ നൽകാനുള്ള കുടിശ്ശിക

50 [351] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ 31-12-2005-ലെ കണക്ക് പ്രകാരമുള്ള റവന്യൂ കുടിശ്ശിക സ്റ്റേറ്റുമെന്റിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) മേജർ പ്രൈവറ്റ് കൺസ്യൂമേഴ്സും സ്വകാര്യ ഇ. എച്ച്. ടി. കൺസ്യൂമേഴ്സും ബോർഡിന് അടച്ച് തീർക്കേണ്ട കുടിശ്ശിക എത്ര കോടിയുടേതാണ്;

(സി) ഒരു കോടി രൂപയിലധികം കുടിശ്ശികയുള്ള മേജർ പ്രൈവറ്റ് കൺസ്യൂമേഴ്സിന്റെയും സ്വകാര്യ ഇ. എച്ച്. ടി. കൺസ്യൂമേഴ്സിന്റെയും പേരും കുടിശ്ശിക തുകയും വിശദമാക്കുമോ;

(ഡി) 31-1-2005-ലെ കണക്ക് പ്രകാരം ബോർഡിന് സർക്കാർ എന്തെല്ലാം ഇനങ്ങളിലായി എന്ത് തുക വീതം നൽകേണ്ടതായി ബാക്കിയുണ്ട്; ഇനം തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) 31-12-2005 വരെയുള്ള കാലയളവിൽ പിരിഞ്ഞുകിട്ടേണ്ട കറന്റ് ചാർജ്ജ് കുടിശ്ശികയുടെ കണക്ക് ശേഖരിച്ചു വരുന്നതേയുള്ളൂ. 30-9-2005 വരെയുള്ള കാലയളവിലെ കുടിശ്ശിക 1467.13 കോടി രൂപയാണ്. ഇതിന്റെ വിശദവിവരങ്ങൾ അനുബന്ധം VII-ൽ ചേർത്തിരിക്കുന്നു.†

(ബി) 30-9-2005 വരെ 539 കോടി രൂപ കുടിശ്ശികയായി ലഭിക്കാനുണ്ട്.

(സി) അനുബന്ധം VII A ആയി ചേർത്തിരിക്കുന്നു.††

(ഡി) 31-1-2006 വരെയുള്ള കണക്കുകൾ തയ്യാറായി വരുന്നതേയുള്ളൂ.

നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും ഹൈക്കോടതി വിധിയും

51 [352] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06-ൽ തിരുവനന്തപുരം നഗരത്തിലും പരിസര പ്രദേശത്തുമുള്ള എത്ര ഇലക്ട്രിക്കൽ സബ് എഞ്ചിനീയർമാർ ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് ഡിഗ്രിക്ക് ഈവനിംഗ് ക്ലാസിലും റെഗുലർ ക്ലാസിലും ചേർന്ന് പഠിക്കുന്നതിന് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിനപേക്ഷിച്ചുവെന്ന് പ്രത്യേകം പ്രത്യേകം പറയുമോ;

(ബി) അവരുടെ സബ് എഞ്ചിനീയർ പോസ്റ്റിലുള്ളവരുടെ സർവ്വീസ് മൈൽഡ്യവും സീനിയോറിറ്റിയും കാണിക്കുന്ന സ്റ്റേറ്റുമെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

† അനുബന്ധം VII

†† അനുബന്ധം VIIA

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരിൽ ആർക്കെല്ലാം നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുത്തു; ബാക്കിയുള്ളവർക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുക്കാതിരുന്നത് എന്തു കൊണ്ടാണ്;

(ഡി) നോ ഒബ്ജക്ഷൻ ലഭിക്കാതിരുന്ന എത്ര പേർ കോഴ്സിന് പോവുകയും അവർക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തു; അവരിൽ ആർക്കെല്ലാം നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുത്തു; ബാക്കിയുള്ളവർക്ക് അതു കൊടുക്കാതിരുന്നതെന്തുകൊണ്ട്; അവർക്ക് അടിയന്തിരമായി നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകാൻ നിർദ്ദേശം കൊടുക്കുമോ;

(ഇ) 2005-06-ൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് കൊടുക്കപ്പെട്ടവരിൽ രണ്ട് വർഷത്തിൽ കുറഞ്ഞ സർവ്വീസ് ഉള്ളവർ ഉണ്ടോ; എങ്കിൽ ആരെല്ലാം; അവരുടെ സർവ്വീസ് എത്രകാലമാണ് എന്നറിയിക്കുമോ?

ഉത്തരം

(എ) & (ബി) 2005-06-ൽ തിരുവനന്തപുരം നഗരത്തിലും പരിസര പ്രദേശത്തുമുള്ള 8 സബ് എഞ്ചിനീയർമാർ (ഇലക്ട്രിക്കൽ) നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന് (പാർട്ട് ടൈം കോഴ്സിന്) അപേക്ഷിച്ചു. മേൽ പറഞ്ഞ സബ് എഞ്ചിനീയർമാരുടെ പേരും സീനിയോറിറ്റി, സർവ്വീസ് ദൈർഘ്യം എന്നിവയും കാണിക്കുന്ന സ്റ്റേറ്റുമെന്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) മേൽപ്പറഞ്ഞ സബ് എഞ്ചിനീയർമാരിൽ ഷൈൻകുമാർ, ബിജുലാൽ വി. എസ്., സുഫൈതാബായി. എം. ആർ. ശ്രീകുമാർ എന്നിവർക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (NOC) കൊടുത്തിട്ടുണ്ട്. ബോർഡ് ജീവനക്കാർക്ക് പാർട്ട് ടൈം B.Tech. (Ele.) Engg. കോഴ്സിൽ ചേർന്നു പഠിക്കുന്നതിലേക്കായി 15-3-2004-ലെ ബോർഡ് ഉത്തരവ് പ്രകാരമുള്ള മാനദണ്ഡമനുസരിച്ച് ആകെ 20 പേർക്കു മാത്രമേ NOC നൽകുന്നുള്ളു. അതുകൊണ്ട് ആകെ കിട്ടിയ അപേക്ഷകളിൽ നിന്നും സീനിയോറിട്ടിയുടെ അടിസ്ഥാനത്തിൽ 20 പേർക്ക് NOC നൽകിയിട്ടുണ്ട്.

(ഡി) നോ ഒബ്ജക്ഷൻ ലഭിക്കാതിരുന്ന 10 പേർ കോടതിയിൽ കേസ് ഫയൽ ചെയ്യുകയും അവർക്ക് പ്രൊവിഷണൽ NOC നൽകണമെന്ന് കോടതി നിർദ്ദേശിക്കുകയും ചെയ്തു. അവരിൽ 2 പേർക്ക് [എസ്. സന്തോഷ്കുമാർ, സബ് എഞ്ചിനീയർ, ഇലക്ട്രിക്കൽ). വോർക്കാഡി, കാസർഗോഡ് (2), രമേഷ്, എം. ആർ., മീറ്റർ റീഡർ, ഇലക്ട്രിക്കൽ സെക്ഷൻ, തൃപ്രയാർ] പ്രൊവിഷണൽ NOC നൽകിയിട്ടുണ്ട്. പാർട്ട് ടൈം കോഴ്സുകൾ വർഷങ്ങളോളം നീണ്ടു നൽക്കുന്നതിനാലും വർഷം തോറും ഇതിലേയുള്ള അപേക്ഷകരുടെ എണ്ണം ക്രമാതീതമായിവർദ്ധിച്ചതിനാലും പ്രസ്തുത കോഴ്സുകളിൽ ചേരുന്നവർ അവർക്ക് സൗകര്യപ്രദമായ സ്ഥലങ്ങളിലേക്ക് സ്ഥലം മാറ്റത്തിന് അപേക്ഷിക്കുന്നതുകൊണ്ടും ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തു

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് കുറ്റമറ്റ രീതിയിൽ വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി പാർട്ട് ടൈം കോഴ്സുകളിൽ ചേരുന്നതിന് ബോർഡ് ജീവനക്കാർക്ക് 15-3-2004-ന്റെ ബോർഡ് ഉത്തരവ് മുഖാന്തരം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ഉത്തരവ് അനുസരിച്ച് ആകെ കിട്ടിയ അപേക്ഷകളിൽ നിന്നും സർവ്വീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിശ്ചിത എണ്ണം NOC മാത്രമേ നൽകാൻ കഴിയുകയുള്ളൂ.

(ഇ) ഉണ്ട്.

	സർവ്വീസ്
(1) രമേഷ്, എം. ആർ., മീറ്റർ റീഡർ, ഇലക്ട്രിക്കൽ സെക്ഷൻ, ത്രിപ്രയാർ.	9 മാസം
(2) ഷാജി. റ്റി. എൻ., മീറ്റർ റീഡർ, ഇലക്ട്രിക്കൽ സെക്ഷൻ, രാമവർമ്മപുരം.	9 മാസം

കാൻസർ രോഗികളുള്ളിടത്ത് വൈദ്യുതി കണക്ഷൻ ലഭിക്കാൻ നടപടി

52 [353] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികളുള്ളിടത്ത് വൈദ്യുതി കണക്ഷൻ ലഭിക്കാൻ എത്ര കാലമെടുക്കും എന്ന് വ്യക്തമാക്കുമോ;

(ബി) കാൻസർ രോഗം പിടിപെട്ട പ്രായമുള്ളവരുടെ വീട്ടിൽ ഡോക്ടർമാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ അനുവദിക്കുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ആവശ്യമായ രേഖകൾ സഹിതം അപേക്ഷിക്കുന്ന പക്ഷം കാൻസർ രോഗി, രോഗിയുടെ ഭർത്താവ്/ഭാര്യ, അച്ഛൻ, അമ്മ, മകൾ, മകൻ, എന്നിവരുടെ ഉടമസ്ഥതയിലുള്ളതും രോഗി താമസിക്കുന്നതുമായ വീടിന് ഔട്ട് ഓഫ് ടേൺ പ്രയോറിട്ടിയിൽ കാലതാമസംകൂടാതെ വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

(ബി) അനുബന്ധമായി † ചേർത്തിട്ടുള്ള ഡോക്ടർമാർ/സ്ഥാപനങ്ങളിൽ നിന്നും ഉള്ള സർട്ടിഫിക്കറ്റ് സഹിതം വൈദ്യുതി കണക്ഷന് അപേക്ഷിച്ചാൽ ഔട്ട് ഓഫ് ടേൺ പ്രയോറിട്ടിയിൽ കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ നൽകുന്നതാണ്.

ബി. പി. എൽ.-ൽ ഉൾപ്പെടുത്തി വൈദ്യുതി കണക്ഷൻ

53 [354] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ബി. പി. എൽ-ൽ ഉൾപ്പെടുത്തി എത്ര പേർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്;

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly